# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.8233 — 25.07.2012 ൽ മറുപടിക്ക്

**ആലപ്പുഴ ജനറൽ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യ.എസ് ന്റെ പുതിയ പേവാർഡുകളുടെ നിർമ്മാണം**

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ: | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ ജനറൽ ആശുപത്രിയോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള കെ.എച്ച്.ആർ.ഡബ്ല്യ.എസ് ന്റെ കെട്ടിടങ്ങൾ ഉപയോഗശൂന്യമായി കിടന്ന് നശിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ആലപ്പുഴ ജനറൽ ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യ.എസി ന്റെ പഴയ പേ വാർഡ് ഉപയോഗശൂന്യമായ നിലയിലാണ്. ജനതാ പേവാർഡിന്റെ മെയിന്റനൻസ് കഴിഞ്ഞ് ഉപയോഗിച്ചു വരുന്നു. മെഡിക്കൽ കോളേജ് വണ്ടാനത്തേയ്ക്ക് മാറ്റിയതു കാരണം ജനറൽ ആശുപത്രിയിൽ രോഗികളുടെ എണ്ണം ക്രമാതീതമായി കുറയുകയും പേ വാർഡിൽ ആവശ്യക്കാരില്ലാതെയും ഉള്ള അവസ്ഥയിലാണ്.അക്കാരണത്താലാണ് അടിയന്തര നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് കഴിയാത്തത്. |
| (ബി) | പ്രസ്തുത കെട്ടിടങ്ങൾ മെയിന്റനൻസ് നടത്തി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ആലപ്പുഴ ജനറൽ ആശുപത്രിയോട് ചേർന്നുള്ള കെ.എച്ച്.ആർ.ഡബ്ല്യ.എസ്സിന്റെ ജനതാ പേവാർഡിന്റെ മെയിന്റനൻസ് ഈയിടെ കഴിഞ്ഞതാണ്. |
| (സി) | ആലപ്പുഴ ജനറൽ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യ.എസ് ന്റെ പുതിയ ബഹുനില പേവാർഡുകൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) | മെഡിക്കൽ കോളേജ് വണ്ടാനത്തേക്ക് മാറ്റിയതുകൊണ്ട് തൽക്കാലം ബഹുനില പേവാർഡുകൾ നിർമ്മിക്കേണ്ട ആവശ്യം വരുന്നില്ല. ഭാവിയിൽ ആവശ്യം വരുമ്പോൾ ബഹുനില പേ വാർഡുകൾ നിർമ്മിക്കുന്നകാര്യം ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ